(ഡി) നിയന്ത്രണങ്ങൾ ലംഘിച്ച് ഖനനം നടത്തുകയും കടത്തുകയും ചെയ്തതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ധാതുവിഭവങ്ങൾ ഖനനം ചെയ്ത് കടത്തുന്നത് നിയന്ത്രിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനധികൃതമായി ധാതുക്കൾ ഖനനം ചെയ്ത് കടത്തിക്കൊണ്ടു പോകുന്നത് കണ്ടെത്തി നിയമാനുസൃത നടപടികൾ എടുത്തു വരുന്നുണ്ട്.

(ബി) ഉണ്ട്. കോഴിക്കോട് ആസ്ഥാനമായി ഉത്തരമേഖല സ്ക്വാഡും തിരുവനന്തപുരം ആസ്ഥാനമായി ദക്ഷിണമേഖല സ്ക്വാഡും നിലവിലുണ്ട്.

(സി) നിയമാനുസൃതമായ അനുവാദം വാങ്ങാതെയും ചട്ടങ്ങൾക്കു വിരുദ്ധമായുമുള്ള ധാതു ഖനന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളവ നിരോധിച്ചിട്ടുണ്ട്.

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ 14 ജില്ലാ ആഫീസുകളും 2 മിനറൽ സ്ക്വാഡുകളുമായി ബന്ധപ്പെട്ട് വിവരം ശേഖരിച്ചുവരുന്നു.

(ഇ) അനധികൃത ധാതു ഖനനവും കടത്തലും തടയുവാൻ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നടപടികൾ എടുത്തുവരുന്നുണ്ട്.

63 (1289) കശുവണ്ടി വികസനം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വികസനം ലക്ഷ്യമിട്ടുകൊണ്ട് എതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) കശുമാവ് വികസന കൗൺസിലിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവശ്യാനുസരണം തോട്ടണ്ടി ലഭ്യമാക്കുന്നതിലേയ്ക്ക് ആഭ്യന്തരമായി കൂടുതൽ തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്നതിനു കശുമാവ് കൃഷി വികസിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ് കശുമാവ് കൃശി വികസനത്തിന്റെ പ്രാരംഭമായി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ കോമ്പൗണ്ടിൽ കശുമാവ് കൃഷി ആരംഭിക്കാൻ പരിപാടി ഇട്ടിട്ടുള്ളതും കൂടാതെ കെ.എം.എം.എൽ-ന്റെ ഫാക്ടറി കോമ്പൗണ്ടിൽ കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതുമാണ്. തരിശു ഭൂമികളിലും പുറമ്പോക്ക് ഭൂമികളിലും മുന്തിയ ഇനം കശുമാവ് വച്ച് പിടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. തിരുവ

LIBRARY ARCHIVES Kerala Legislative Assembly

നന്തപുരം, കേരളാ യൂണിവേഴ്സിറ്റി കാര്യവട്ടം കാമ്പസിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടി എടുത്തുവരികയാണ്.

(ബി) 25.2.98-ലെ സർക്കാർ ഉത്തരവ് (സാധാരണ) 294/98/കൃഷി പ്രകാരം കശുമാവ് വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ കണ്ടുവരുന്ന തേയില കൊതുകു ആക്രമണവും പൂങ്കുല കരിച്ചിലും നിയന്ത്രിക്കുന്നതിനായി കാർഷിക സർവകലാശാലയുടെ മാർഗ്ഗ നിർദ്ദേശത്തോടെ കൃഷി ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുകയുണ്ടായി. കൂടാതെ രണ്ട് കീടരോഗ നിരീക്ഷണ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും മേൽത്തരം ഒട്ടുതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് 'പ്രോജനി' തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

64 (1290) വില്ലേജുകളുടെയും താലൂക്കുകളുടെയും പുനഃസംഘടന

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീമതി ശോഭനാ ജോർജ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജുകളും താലൂക്കുകളും പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പുതുതായി രൂപീകരിക്കുന്ന താലൂക്കുകളും വില്ലേജുകളും ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതിയ താലൂക്കുകളോ വില്ലേജുകളോ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) ഈ വർഷം പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുമോ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) ഇല്ല.

(ഡി) കഴിവതും വേഗത്തിൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

65 (1291) വസ്തു ഇടപാടുകളുടെ നിരക്ക് വർദ്ധിപ്പിച്ച നടപടി

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly